വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ബോണസ്സ് കൊടുക്കുന്നതു സംബന്ധിച്ചു് ഗവൺമെണ്ടിൽനിന്നും ഉത്തരവു കൊടുക്കാറില്ല. കൺസിലിയേഷൻ വഴിയായോ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നൽകുന്ന അവാർഡുവഴിയായോ ആണു് ബോണസ്സുകൂടി കൊടുക്കുന്നതു്.

## എ. ഡി. കാട്ടൻ മില്ലിലെ തുണികൾ

*൭൦൫. (൫൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

കൊല്ലം എ. ഡി. കാട്ടൻമില്ലിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണോ; ആണെങ്കിൽ അതിനുള്ള കാരണമെന്തെന്നും പ്രതിവർഷം എത്രമാത്രം തുണികൾ കയറ്റുമതി ചെയ്യുന്നു എന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

൧൯൪൩ സെപ്തമ്പർവരെ ഈ മില്ലിൽ ഉണ്ടാക്കിയിരുന്ന തുണിത്തരങ്ങൾ ഏതാണ്ടു വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. ഏതാണ്ടു് ഇവിടെ വില്ക്കയും ചെയ്തിരുന്നു. എന്നാൽ മില്ലിലെ തുണിത്തരങ്ങൾ എല്ലാംതന്നെ ൧൯൪൪ സെപ്തമ്പർ മുതൽ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണു്. അങ്ങനെ ചെയ്യാൻ അവർക്കു് കേന്ദ്രഗവൺമെണ്ടിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ടു്. ഈ മില്ലിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ മോശമായതിനാൽ ഈ രാജ്യത്തു് ചിലവാക്കുവാനും വളരെ പ്രയാസമാണു്. ൧൯൪൫ ആഗസ്റ്റു് മുതൽ ൧൯൪൬ ആഗസ്റ്റു് വരെ ഒരു ബെയിൽ വിദേശങ്ങളിലേക്കു് ഈ മിൽ കയറ്റുമതി ചെയ്തിട്ടുണ്ടു്.

## SHIFT SYSTEM IN PRIMARY SCHOOLS

*709. [60] **Sri. K. Ramachandran:** Will the Hon'ble Minister for Education be pleased to state.—

whether Government propose to do away with shift system of teaching in primary schools?

*Minister for Education, Labour and Civil Supplies* **[Sri. Panampilli Govinda Menon]:**

Government have already ordered the discontinuance of shift system in primary schools.

## AGRICULTURAL STATISTICAL SURVEY

*710. [61] **Sri. K. Ramachandran:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the nature and extent of assistance given to the Agricultural Statistical Surveyors;

(*b*) the number of persons deputed to assist them in their work;

(*c*) the maximum amount of allowance made available to them?

*Minister for Public Works, Communication and Agriculture* **(Sri. E. John Philipose):**

(*a*) There are no Agricultural Statistical Surveyors appointed by Government, but certain Statistical Assistants have been appointed to collect complete data of Agricultural crops in the State.

(*b*) At present there is none, but arrangements have been made to appoint Field Assistants for helping the Statistical Assistants in their work.

LIBRARY ARCHIVES Kerala Legislative Assembly